## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3215

20-6-2014-ൽ മറുപടി നൽകേണ്ടിയിരുന്നത്

### ഗ്രാമപഞ്ചായത്ത് വിലയ്ക്കു വാങ്ങിയ ഭൂമി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.വിജയദാസ്: | | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | ഗ്രാമപഞ്ചായത്ത് വിലയ്ക്കു വാങ്ങിയിട്ടുള്ള ഭൂമി, ആശുപത്രികൾ, ഹോസ്റ്റലുകൾ, ഫയർ സ്റ്റേഷനുകൾ മുതലായ സർക്കാർ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനായി മറ്റു വകുപ്പുകൾക്ക് പഞ്ചായത്ത് വകുപ്പ് തന്നെ കൈമാറുന്നതിന് വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ സഹിതം വിശദ വിവരങ്ങൾ നൽകുമോ; | (എ) | പഞ്ചായത്ത് വിലയ്ക്ക് വാങ്ങിയ ഭൂമി സർക്കാർ അനുമതിയോടെ വില്പന നടത്തുന്നതിന് മാത്രമേ കേരള പഞ്ചായത്ത് രാജ് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളു. മറ്റ് വകുപ്പുകൾക്ക് കൈമാറുന്നതിന് സർക്കാരിന്റെ പ്രത്യേക അനുമതി ആവശ്യമാണ് |
| (ബി) | ഇത്തരത്തിൽ പഞ്ചായത്ത് വകുപ്പ് ഇതര വകുപ്പുകൾക്ക് ഭൂമി കൈമാറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ; ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ? | (ബി) | തിരുവനന്തപുരം ജില്ല : കോട്ടുകാൽ ഗ്രാമ പഞ്ചായത്ത് PHC സ്ഥാപിക്കുന്നതിന് ആരോഗ്യവകുപ്പിനും പെരിങ്ങമല ഗ്രാമ പഞ്ചായത്ത് കെ.എസ്.ആർ.ടി.സി ഡിപ്പോയ്ക്കും കരവാരം പഞ്ചായത്ത് പോലീസ് സ്റ്റേഷൻ നിർമ്മാണത്തിന് ആഭ്യന്തര വകുപ്പിനും കിളിമാനൂർ ഗ്രാമ പഞ്ചായത്ത് സ്കൂൾ സ്ഥാപിക്കുന്നതിന് വിദ്യാഭ്യാസ വകുപ്പിനും രാജാ രവിവർമ്മ സ്മാരകവും ആർട്ട് സ്കൂളും സ്ഥാപിക്കുന്നതിന് സാംസ്കാരിക വകുപ്പിനും ഭൂമി കൈമാറിയിട്ടുണ്ട് |

കൊല്ലം ജില്ല: ചടയമംഗലം ഗ്രാമ പഞ്ചായത്ത് കെ.എസ്.ആർ.ടി.സി യ്ക്കും സബ്ട്രഷറിക്കും ഇളമാട് ഗ്രാമ പഞ്ചായത്ത് ഗവ.ഐ.റ്റി.ഐ യ്ക്കും , കല്ലുവാതുക്കൽ ഗ്രാമ പഞ്ചായത്ത് പോലീസ് സ്റ്റേഷനും , കൊട്ടാരക്കര ഗ്രാമ പഞ്ചായത്ത് ഫയർ സ്റ്റേഷനും , പത്തനാപുരം ഗ്രാമ പഞ്ചായത്ത് യു.ഐ.റ്റി സെന്ററിനും തെന്മല ഗ്രാമ പഞ്ചായത്ത് പോലീസ് സ്റ്റേഷനും , തേവലക്കര ഗ്രാമ പഞ്ചായത്ത് ഐ.റ്റി.ഐ യ്ക്കും വേണ്ടി ഭൂമി വിട്ടുനല്കിയിട്ടുണ്ട്

പത്തനംതിട്ട ജില്ല: ഇല്ല

ആലപ്പുഴ ജില്ല: ഇല്ല

കോട്ടയം ജില്ല: വെച്ചൂർ ഗ്രാമ പഞ്ചായത്ത് , വൈക്കം കരിനില വികസന ഏജൻസി മുഖാന്തിരം ആധുനിക രീതിയിലുള്ള റൈസ് മിൽ സ്ഥാപിക്കുന്നതിനും കടുത്തുരുത്തി ഗ്രാമ പഞ്ചായത്ത് ഗവ.പോളിടെക്നിക്ക് സ്ഥാപിക്കുന്നതിനും തലയാഴം ഗ്രാമ പഞ്ചായത്ത് ഹെൽത്ത് സെന്റർ സ്ഥാപിക്കുന്നതിന് 42.9 ആർ സ്ഥലവും ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറി സ്ഥാപിക്കുന്നതിന് 8.18 ആർ സ്ഥലവും മീനടം ഗ്രാമ പഞ്ചായത്ത് പി.എച്ച്.സി യ്ക്കുവേണ്ടിയും മുളക്കുളം ഗ്രാമ പഞ്ചായത്ത് ആശുപത്രി, വൃദ്ധ സദനം എന്നിവ നിർമ്മിക്കുന്നതിനും സ്ഥലം കൈമാറിയിട്ടുണ്ട്

എറണാകുളം ജില്ല : പിറവം ഗ്രാമ പഞ്ചായത്ത് കെ.എസ്.ആർ.ടി.സി യ്ക്ക് 2 ഏക്കർ 80.50 സെന്റ് സ്ഥലവും , സിവിൽ സപ്ളൈസ് കോർപ്പറേഷന് 36 സെന്റ് സ്ഥലവും കൈമാറിയിട്ടുണ്ട്. കൂത്താട്ടുകുളം ഗ്രാമ പഞ്ചായത്ത് കെ.എസ്.ആർ.ടി.സി യ്ക്ക് കൈമാറിയിട്ടുണ്ടെങ്കിലും നടപടിക്രമങ്ങൾ പൂർത്തീകരിച്ച് വരുന്നതേയുള്ളൂ. എടവനക്കാട് ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 15 സെന്റ് ഭൂമി ഗ്രാമ പഞ്ചായത്തിന്റെ കുടിവെള്ള വിതരണ ആവശ്യത്തിനായി ജി.ഐ.ഡി.എ യുടെ സഹായത്തോടെ വാട്ടർ ടാങ്ക് പണിയുന്നതിന് കേരള വാട്ടർ അതോറിറ്റിക്ക് വിട്ടു നല്കിയിട്ടുണ്ട്

ഇടുക്കി ജില്ല : ഇല്ല

തൃശ്ശൂർ ജില്ല : ഇല്ല

വയനാട് ജില്ല : മീനങ്ങാടി ഗ്രാമ പഞ്ചായത്ത് കച്ചേരിക്കുന്ന് കുടിവെള്ള പദ്ധതിക്കായി 10 സെന്റ് സ്ഥലം കേരളാ ജല അതോറിറ്റിക്കും ,20 സെന്റ് സ്ഥലം കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് ജില്ലാ പഞ്ചായത്തിനും ഐ.എച്ച്.ആർ.ഡി കോളേജിന്റെ സ്ഥലമെടുപ്പിനായി 2 ഏക്കർ ഭൂമി സർക്കാരിലേക്കും ബാലവിഹാർ നടത്തുന്നതിനായി 19 സെന്റ് സ്ഥലം ശിശുക്ഷേമ സമിതിക്കും സൌജന്യമായി വിലയ്ക്ക് വാങ്ങി നല്കിയിട്ടുണ്ട്. പനമരം ഗ്രാമ

പഞ്ചായത്ത് യുവജന ക്ഷേമബോർഡ് , എടവക ഗ്രാമ പഞ്ചായത്ത് സബ് ട്രഷറി ദ്വാരകയ്ക്ക് വിലയ്ക്ക് വാങ്ങി ഗവൺമെന്റ് അനുമതിയോടെ കൈമാറിയിട്ടുണ്ട്

കണ്ണൂർ ജില്ല: ചെറുതാഴം ഗ്രാമ പഞ്ചായത്ത് പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് നിർമ്മിക്കുന്നതിന് വേണ്ടി 75 സെന്റ് ഭൂമി കൈമാറിയിട്ടുണ്ട്

പാലക്കാട് ജില്ല : ഇല്ല

കോഴിക്കോട് ജില്ല : കൂരാച്ചുണ്ട് ഗ്രാമ പഞ്ചായത്ത് വില്ലേജ് ഓഫീസ് സ്ഥാപിക്കുന്നതിന് 5 സെന്റ് ഭൂമിയും , രജിസ്ട്രേഷൻ വകുപ്പിന് സബ് രജിസ്ട്രാർ ഓഫീസ് സ്ഥാപിക്കുന്നതിന് 10 സെന്റ് സ്ഥലവും നല്കിയിട്ടുണ്ട്

മലപ്പുറം ജില്ല : ഇല്ല

കാസർഗോഡ് ജില്ല : കിനാനൂർ കരിന്തളം ഗ്രാമ പഞ്ചായത്ത് വനം വന്യജീവി വകുപ്പിന് ഭൂമി കൈമാറിയിട്ടുണ്ട്

ലഭ്യമായ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്